## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *74 02.12.2015 ലെ മറുപടിക്ക്

## ഭവനനിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അബ്ദുളളക്കുട്ടി<br>ശ്രീ.ജോസഫ് വാഴയ്ക്കൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുവാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ചുനല്കുന്നതിനുള്ള വിവിധ പദ്ധതികൾ പട്ടികജാതി വികസനം, തദ്ദേശ സ്വയം ഭരണം, ഗ്രാമവികസനം എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പു മുഖേന ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ 2 സെന്റും നഗരപ്രദേശങ്ങളിൽ 1½ സെന്റും ഭൂമി സ്വന്തമായുള്ള, 50,000/- രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ധനസഹായം 1 ലക്ഷം രൂപയായിരുന്നു. 15.09.2011 -ൽ രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. തുടർന്നു 2011-ൽ ടി ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നല്കി.<br>ഈ പദ്ധതി മുഖേന ഭവനനിർമ്മാണത്തിന് താഴെപറയുന്ന പ്രകാരം ധനസഹായം നല്കുന്നു<br>i. പുതിയ ഭവന നിർമ്മാണത്തിന് 3 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു.<br>ii. 2007-08 സാമ്പത്തിക വർഷം മുതൽ വകുപ്പിൽ നിന്നും ഭവന നിർമ്മാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്കിന് ആനുപാതികമായി അവശേഷിക്കുന്ന ഗഡുക്കൾ സ്പിൽ ഓവർ പദ്ധതിയിൻ കീഴിൽ നല്കിവരുന്നു.<br>iii. 7 വർഷത്തിൽ കൂടുതലും 25 വർഷത്തിൽ കുറവും കാലപ്പഴക്കമുള്ള വീടുകൾക്ക് ഭവനപുനരുദ്ധാരണം / അഡീഷണൽ റൂം നിർമ്മാണത്തിന് 50,000 രൂപ ധനസഹായം നല്കിവരുന്നു.<br>iv. പട്ടികജാതിയിലെ ദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് 3.50 ലക്ഷം രൂപ അനുവദിച്ചുവരുന്നു. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഭവന നിർമ്മാണ ധനസഹായപദ്ധതിക്കായി ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 180 കോടി രൂപയാണ് ഭവനനിർമ്മാണ ധനസഹായത്തിനും ഭവനപുനരുദ്ധാരണ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ളത്. ഭൗതികലക്ഷ്യത്തിനനുസൃതമായി തുക ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് ജനസംഖ്യാനുപാതികമായി ഭൗതികലക്ഷ്യം നിശ്ചയിച്ച് തുകയും അനുവദിച്ചുവരുന്നുണ്ട്.<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് പ്രസ്തുത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.<br>ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്രപ്പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ